# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2674   19.12.2012 ൽ മറുപടിയ്ക്ക്

### പെൻഷൻ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച നടപടി

ചോദ്യം : ശ്രീ. സാജു പോൾ

ഉത്തരം : ശ്രീ.പി.ജെ.ജോസഫ്
ജലവിഭവ വകുപ്പ് മന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| എ) ഇറിഗേഷൻ വകുപ്പിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞിട്ടുള്ള എത്ര ജീവനക്കാർക്ക് അർഹമായ പെൻഷൻ ആനുകൂല്യം നൽകുവാൻ കുടിശ്ശികയുണ്ട് ; | എ) ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് പെൻഷൻ പറ്റി പിരിയുകയും കേസുകളോ മറ്റ് അച്ചടക്ക നടപടികളോ ഒന്നും തന്നെ തീർപ്പാക്കാൻ ഇല്ലാത്തതുമായ മുഴുവൻ ജീവനക്കാർക്കും അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. കേസുകളും അച്ചടക്ക നടപടികളും നിലവിലുള്ളതിനാൽ പെൻഷൻ പറ്റി പിരിഞ്ഞ 11 പേർക്ക് അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകാതെ പ്രൊവിഷണൽ പെൻഷൻ മാത്രമേ നൽകിയിട്ടുള്ളൂ. ഇവർക്ക് കേസുകളും അച്ചടക്ക നടപടികളും തീർപ്പാകുന്ന മുറയ്ക്ക് അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതാണ്. |
| ബി) അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ; | ബി) നടപടി സ്വീകരിച്ചു വരുന്നു. |
| സി) പെൻഷൻ പറ്റി അങ്കമാലി ഇടമലയാർ ഇറിഗേഷൻ പ്രൊജക്ട് ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ നിന്നും 31.03.2011-ൽ പിരിഞ്ഞ ശ്രീമതി.അജിതകുമാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ശ്രീമതി. പി.ആർ. അജിതകുമാരി, ഡിവിഷണൽ അക്കൗണ്ടന്റ് (റിട്ടയേർഡ്) ന്റെ പെൻഷൻ ബുക്കും അനുബന്ധരേഖകളും ചീഫ് എഞ്ചിനീയർ, (പ്രോജക്ട് II) 25.07.2011-ലെ കത്ത് നം.എഫ്.പി 7-5681/2010 പ്രകാരം സർക്കാരിൽ ധനവകുപ്പ് (എസ്റ്റാബ്ലിഷ്മെന്റ് – ബി) ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ, |

| | | |
|---|---|---|
| | | ശ്രീമതി. അജിത കുമാരിയുടെ ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് – ബി) വകുപ്പിന് കൈമാറിയിട്ടുണ്ട്. 30.12.2002-ലെ ജി.ഒ (പി) നം. 803/2002/ധന പ്രകാരം Courts/ Vigilance Tribunals/Vigilance Courts കേസുകൾ തീർപ്പായതിനുശേഷം മാത്രമേ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാവൂള്ളൂ. 21.02.2012-ലെ U.O.Note No. 3675/A2/2012/WRD പ്രകാരം ടിയാൾക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ടെന്ന് അറിയിച്ചതിനാൽ പ്രൊവിഷണൽ പെൻഷൻ അനുവദിക്കുന്നതിനുള്ള രേഖകൾ Accountant General (A&E) യ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ പ്രൊവിഷണൽ പെൻഷൻ അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ പേരിലുള്ള കേസ് തീർപ്പ് കല്പിച്ചുവെന്ന റിപ്പോർട്ട് ചീഫ് എഞ്ചിനീയർ നൽകുന്ന മുറയ്ക്ക് NLC നൽകുന്നതാണ് എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| ഡി) | പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ വൈകിയതുമൂലം കുടിശ്ശിക തുക പലിശ സഹിതം നൽകുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) സർക്കാർ അകാരണമായി പെൻഷൻ ആനുകൂല്യങ്ങൾ വൈകിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ